ātma
book with a soul



# അനിത
# രസാധാ
# രണം

എഡിറ്റർ
ഡോ. അശോക് ഡിക്രൂസ്

# അനിത രസാധാരണം

എഡിറ്റർ

**ഡോ. അശോക് ഡിക്രൂസ്**

ഭാഷ, സാഹിത്യം, സമൂഹം,
സംസ്കാരം, കല, ഗവേഷണം
എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങൾ
പ്രതിപാദിക്കുന്ന പതിമൂന്ന് ഈടുറ്റ
ലേഖനങ്ങളുടെ സമാഹാരം.
തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാലയുടെ
സാഹിത്യ ഫാക്കൽറ്റിയിലെ
പ്രൊഫസർ ഡോ. ടി. അനിതകുമാരി
വിരമിക്കുന്ന സവിശേഷ
മുഹൂർത്തത്തെ അടയാളപ്പെടുത്തുന്ന
വിചാരസന്ദർഭമാണ് ഈ പുസ്തകം.
സഹപ്രവർത്തകയ്ക്ക്
മലയാളസർവകലാശാലയിലെ
അധ്യാപകർ നൽകുന്ന
വൈജ്ഞാനികസ്മരണിക

atma books
Parayanchery, Kozhikode - 673 016
Ph: +0495 4022600, 91 9746077500,
E-mail: atmabooks@gmail.com
www.atmabooks.com

ISBN 978-93-93969-94-1
9 789393 969941

₹ 440.00

പുസ്തക ലോകം
മലയാളം റിസർച്ച് ഫൗണ്ടേഷൻ
+91 8848663483, 9496105082

also available at: amazon.in

# ഭാഗം - 3

## ഗവേഷണസാധ്യതകൾ

സമൂഹപഠനവും സാമൂഹ്യയാഥാർത്ഥ്യങ്ങളും:
പ്രാമാണികവും രീതിശാസ്ത്രപരവുമായ തർക്കങ്ങൾക്ക്
ഒരാമുഖം 179
*ഡോ. കെ. എസ്. ഹക്കിം*

ചില സൈബോർഗിയൻ ചിന്തകൾ 188
*കെ. പി. രാമനുണ്ണി*

മാധ്യമീകൃതസമൂഹത്തിലെ വ്യാജ ഉള്ളടക്ക നിർമിതികൾ 194
*ഡോ. അർച്ചന സി. എ.*

നെറ്റിലായ മലയാളിയും ആപ്പിലായ മലയാളവും 202
*ഡോ. അശോക് ഡിക്രൂസ്*

പക്ഷികളുടെ ചേക്കേറലുകളും സാമൂഹിക
വ്യവസ്ഥാസിദ്ധാന്തങ്ങളും 215
*ഡോ. ധന്യ ആർ.*

# മാധ്യമീകൃതസമൂഹത്തിലെ വ്യാജ ഉള്ളടക്ക നിർമിതികൾ

**ഡോ. അർച്ചന സി. എ.**

Comment is Free, but Facts are Sacred.
- C. P. Scott

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രത്തിന്റെ ആപ്തവാക്യം 'സത്യമേവ ജയതേ' എന്നായിരിക്കുകയും അതേ രാഷ്ട്രം വ്യാജ ചരിത്രഉള്ളടക്കപൊതുബോധ നിർമിതിയുടെ കേന്ദ്രമായിരിക്കുകയും ചെയ്യുകയെന്ന സവിശേഷ സാഹചര്യത്തിലൂടെയാണ് സമകാലിക സമൂഹം കടന്നുപോവുന്നത്. നാഷണൽ ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ സ്ഥിതിവിവരക്കണക്ക് പ്രകാരം 2020 ൽ മാത്രം ഇന്ത്യയിൽ 1527 വ്യാജവാർത്തകൾ നിർമിക്കുകയും വിതരണം ചെയ്യുകയും ഉണ്ടായിട്ടുണ്ട്. അതായത്, പ്രതിദിനം ശരാശരി നാല് വ്യാജവാർത്തകൾ[1]. കാലാവസ്ഥാവ്യതിയാനം, മഹാമാരി എന്നിവയ്ക്കൊപ്പം വ്യാജ ഉള്ളടക്കങ്ങളും വാർത്തകളും പുതിയ കാലത്തിന്റെ സങ്കീർണമായ അടയാളങ്ങളായി പരിണമിച്ചിരിക്കുന്നു. മാധ്യമങ്ങൾ, പ്രത്യേകിച്ച് അച്ചടിമാധ്യമങ്ങൾ നാശോന്മുഖമാണെന്ന് പറയുമ്പോഴും, എന്തുമേതും വാർത്തയായിത്തീരുന്നതിനാൽ മിനുക്കിയെടുത്ത രൂപഭാവങ്ങളുമായി, വർധിതവീര്യത്തോടെ പൊതുമണ്ഡലത്തിന്റെ അനിവാര്യതയായി മാധ്യമങ്ങൾ നിലകൊള്ളുന്നു. അന്താരാഷ്ട്രതലത്തിൽ അച്ചടി മാധ്യമസ്ഥാപനങ്ങൾ പൂർണമായും അടച്ചുപൂട്ടുകയോ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് മാറ്റപ്പെടുകയോ ചെയ്യുന്ന അവസ്ഥയിൽ ഇന്ത്യയിൽ മലയാള ഭാഷാപത്രങ്ങൾ പ്രചാരത്തിൽ മുൻപന്തിയിൽ നിൽക്കുന്നുണ്ട്[2]. മാധ്യമങ്ങളുടെ

വിശ്വാസ്യതയും ധാർമികതയും നിരന്തരം ചോദ്യംചെയ്യപ്പെടലിന് വിധേയമാവുന്നുണ്ടെങ്കിലും ഉള്ളടക്കങ്ങൾ നവീകരിച്ചുകൊണ്ട് പ്രതിസന്ധികളെ ലഘൂകരിക്കാൻ മാധ്യമങ്ങൾ ശ്രമിക്കുന്നു. ഇതിനിടെയാണ് ബോധപൂർവമോ അല്ലാതെയോ വ്യാജ ഉള്ളടക്കങ്ങൾ നിർമിക്കപ്പെടുന്നത്.

## മാധ്യമീകരണവും മാധ്യമീകൃതസമൂഹവും

സമൂഹത്തിലെ വിവിധതലങ്ങളിൽ മാധ്യമങ്ങൾ പലരീതിയിൽ ഇടപെടുന്നുണ്ട്. മാധ്യമ ഉള്ളടക്കങ്ങളായ വാർത്ത, പരസ്യം, സിനിമ, സീരീയിൽ, സംവാദം മുതലായവ സാമ്പത്തിക രാഷ്ട്രീയകായികവിദ്യാഭ്യാസ മേഖലകളിലെല്ലാം നിരന്തരം സ്വാധീനം ചെലുത്തുന്നു. ഒരു വ്യക്തിയുടെ പെരുമാറ്റം, വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തികം തുടങ്ങിയ വ്യക്തിത്വ രൂപീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിലും പ്രത്യക്ഷമായോ പരോക്ഷമായോ മാധ്യമങ്ങൾ ഇടപെടുന്നുണ്ട്. ഇത്തരത്തിൽ മാധ്യമങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കുന്ന ഹ്രസ്വദീർഘകാല സ്വാധീനത്തെ മാധ്യമീകരണം എന്നു വിവക്ഷിക്കാം. ദൈനംദിന മാനവിക പ്രക്രിയകളിലും സാമൂഹികബന്ധങ്ങളിലും മാധ്യമീകരണം പ്രസക്തമാണ്. അതിനാൽത്തന്നെ ഇതൊരു തുടർപ്രക്രിയയാണ്. മാധ്യമീകരണത്തിന് വിധേയമായ സമൂഹത്തെ മാധ്യമീകൃത സമൂഹം എന്ന് വിശേഷിപ്പിക്കുന്നു.

## വ്യാജ ഉള്ളടക്കങ്ങളും വ്യാജവാർത്തകളും

പ്രാദേശികം, ദേശീയം, അന്തർദേശീയം, കായികം, ശാസ്ത്രം, വിദ്യാഭ്യാസം, കൃഷി, സാമ്പത്തികം എന്നിങ്ങനെയുള്ള സാമ്പ്രദായിക ഉള്ളടക്കങ്ങളിൽനിന്നും പുതിയകാലത്തെ മാധ്യമ ഉള്ളടക്കങ്ങൾക്ക് രൂപത്തിലും ഭാവത്തിലും ഏറെ മാറ്റം സംഭവിച്ചിട്ടുണ്ട്. കക്ഷിരാഷ്ട്രീയ വർത്തമാനങ്ങൾക്ക് മുൻപില്ലാത്തവിധം പ്രാധാന്യവും സെൻസേഷണലിസവും കൈവന്നിരിക്കുന്നു. വാർത്ത എന്നത് അനിർവചനീയമായ ഒരു പദമായി മാറി. പേനയ്ക്കും മൈക്കിനും ക്യാമറയ്ക്കും അപ്പുറത്തേക്ക് വാർത്തയെ കണ്ടെടുക്കാനും കേട്ടെടുക്കാനും നൂതനമായ ഉപാധികളുണ്ട്. തൂണിലും തുരുമ്പിലും വാർത്തയുണ്ടെന്ന തലത്തിലേക്ക് കാര്യങ്ങൾ മാറിയിരിക്കുന്നു. ഇതൊക്കെയാണോ വാർത്ത എന്ന് ചിന്തിക്കുകയും പറയുകയും എഴുതുകയും ചെയ്യുമ്പോൾ

ഓരോ വ്യക്തിയും സ്വയം മാധ്യമമായിത്തീരുന്നു. ഒരാൾത്തന്നെ വാർത്തയും വാർത്താസ്രോതസ്സും മാധ്യമവുമായി പരിണമിക്കുന്ന സവിശേഷവും സങ്കീർണവുമായ അവസ്ഥയാണ് ഇന്നുള്ളത്. ഈ സാഹചര്യത്തിലാണ് വ്യാജ ഉള്ളടക്കങ്ങളും വ്യാജ വാർത്തകളും നിർമിക്കപ്പെടുന്നത്. സമൂഹത്തിൽ രൂപപ്പെട്ട പുതിയ വിപത്തുകളിൽ പ്രധാനപ്പെട്ടവയാണ് ഇവ. മാധ്യമ വൈകൃതത്തിന്റെയും വൈകല്യത്തിന്റെയും പ്രത്യക്ഷ ഉദാഹരണം കൂടിയാണ് വ്യാജ ഉള്ളടക്കങ്ങൾ. ഇതുമായി ബന്ധപ്പെട്ട മൂന്ന് സംജ്ഞകളെ പരിശോധിക്കേണ്ടതുണ്ട്:

**മിസ് ഇൻഫർമേഷൻ:** ദുരുദ്ദേശ്യമില്ലാതെ സൃഷ്ടിക്കുന്ന തെറ്റായ വിവരങ്ങൾ.

**ഡിസ് ഇൻഫർമേഷൻ:** ഒരു വ്യക്തിയെയോ, സ്ഥാപനത്തെയോ, സംഘടനകളെയോ മറ്റോ ഉപദ്രവിക്കണമെന്ന ലക്ഷ്യത്തോടെ ബോധപൂർവം സൃഷ്ടിക്കുന്ന തെറ്റായ വിവരങ്ങൾ.

**മാൽ ഇൻഫർമേഷൻ:** യാഥാർത്ഥ്യത്തിൽ അധിഷ്ഠിതമായതും, മറ്റുള്ളവർക്ക് ഉപദ്രവകരമാണെന്നറിഞ്ഞുകൊണ്ട് മനഃപ്പൂർവം സൃഷ്ടിക്കുന്നതുമായ വിവരങ്ങൾ[3].

ഇതിൽ ഡിസ് ഇൻഫർമേഷനും മാൽ ഇൻഫർമേഷനും കലുഷിതമായ പരിതസ്ഥിതിക്ക് വഴിയൊരുക്കുന്നു. മാധ്യമശരീരമായ സ്ക്രീൻ ഷോട്ടുകളാണ് പലപ്പോഴും വ്യാജ ഉള്ളടക്കങ്ങൾക്കായി ഉപയോഗിക്കുന്നത്. നിറഞ്ഞുകവിഞ്ഞ അണക്കെട്ടുകൾ, കാട്ടുതീ, പ്രമുഖരുടെ മരണം തുടങ്ങി അസംഖ്യം വ്യാജ ഉള്ളടക്കങ്ങൾ വാർത്തയായും ചിത്രവീഡിയോ രൂപങ്ങളിൽ പ്രചരിക്കാറുണ്ട്. ഇവയിൽ ഭൂരിഭാഗവും പഴയ ചിത്രങ്ങളോ വീഡിയോകളോ ആണ്. ഫോട്ടോഷോപ്പ് ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യകളുടെ സഹായത്തോടെയാണ് ഇത്തരം ചിത്രങ്ങൾ നിർമിക്കുന്നത്. പലപ്പോഴും ദുരുദ്ദേശ്യമില്ലാതെയാണ് ഇവ പ്രചരിപ്പിക്കുന്നതെങ്കിലും തുടർന്ന് ഇവയുടെ സ്വഭാവം മാറുകയും കൂടുതൽ എഡിറ്റിങ്ങിന് വിധേയമാവുകയും ചെയ്യുന്നു. ഒടുവിൽ ഇത് ലക്ഷ്യംതെറ്റി സഞ്ചരിക്കുകയും ഉപദ്രവകരമായിത്തീരുകയും ചെയ്യുന്നു.

വ്യാജ ചരിത്രനിർമിതിയുടെ ഭാഗമായാണ് പലപ്പോഴും വ്യാജ ഉള്ളടക്കങ്ങൾ സൃഷ്ടിക്കുന്നത്. പ്രധാനമായും രാഷ്ട്രീയ മത സംഘടനകളുടെ നിലനിൽപ്പിന്റെയും അവർ മുന്നോട്ടു

വെക്കുന്ന പ്രൊപഗാൻഡയുടെയും ഭാഗമായാണ് വ്യാജവാർത്തകൾ രൂപപ്പെടു(ത്തു)ന്നത്. വളച്ചൊടിക്കൽ, തമസ്ക്കരിക്കൽ, മറച്ചുവെക്കൽ, അമിത പ്രാധാന്യം നൽകൽ, പക്ഷപാതിത്വം, (വസ്തുതാ)പരിശോധനയ്ക്ക് വിധേയമാക്കാതിരിക്കൽ എന്നീ രീതിയിലുള്ള വാർത്താനിർമിതിയും വിതരണവും വ്യാജവാർത്തകളിലേക്ക് നയിക്കുന്നു. ഇതുമൂലം ഒരേസമയം ഒന്നിലധികം സത്യങ്ങളും നുണകളും ഉണ്ടാവുകയും അവ വിശ്വസിക്കുകയും ചെയ്യുന്നു. സത്യവും നുണയും തിരിച്ചറിയാൻ സാധ്യമല്ലാത്ത വിധം ഇഴചേർന്നിരിക്കുന്നതും കാണാം.

വ്യാജവാർത്തയെ വിനിമയം ചെയ്യുകയും അതിലൂടെ സമ്മിതി നിർമിതി സാധ്യമാക്കുകയും ചെയ്യുക എന്നത് സത്യാനന്തരകാലത്തെ മാധ്യമങ്ങളുടെ പൊതുസ്വഭാവമാണ്. സത്യത്തെ മറച്ചുപിടിച്ച് അസത്യത്തെ മുൻനിർത്തി വ്യാഖ്യാനിക്കാനാണ് മാധ്യമങ്ങളുടെ ശ്രമം. വിവരസാങ്കേതികയുഗത്തിൽ യുക്തിക്ക് പകരം വിശ്വാസത്തെ ഉറപ്പിച്ചെടുക്കാൻ മാധ്യമങ്ങളിലൂടെ ശ്രമിക്കുന്നു. കോവിഡാനന്തരം മറ്റൊരു ലോകക്രമത്തെയാണ് മാധ്യമങ്ങൾ അഭിമുഖീകരിക്കുന്നത്[4].

സത്യാനന്തരകാലത്തിന്റെ (Post truth) ഉപോത്പന്നമാണ് വ്യാജ ഉള്ളടക്കങ്ങളും വ്യാജ വാർത്തകളും. 1992 ൽ സ്റ്റീവ് ടെസികിന്റെ (Steve Tesich) നേഷൻ (Nation) എന്ന മാഗസിനിലാണ് പോസ്റ്റ് ട്രൂത്ത് അഥവാ സത്യാനന്തരകാലം (വാസ്തവാനന്തരകാലം എന്നും മലയാളത്തിൽ ഉപയോഗിക്കുന്നുണ്ട്) എന്ന പദം ആദ്യമായി ഉപയോഗിക്കുന്നത്[5]. ഓക്സ്ഫോഡ് നിഘണ്ടുവിന്റെ 2016 ലെ വാക്കായി പോസ്റ്റ് ട്രൂത്തിനെയാണ് തെരഞ്ഞെടുത്തത്. വസ്തുതകൾക്കപ്പുറത്ത് വികാരങ്ങൾക്ക് മേൽക്കൈ നേടുന്നതിനെ സത്യാനന്തരകാലം എന്ന് സാമാന്യമായി വിശേഷിപ്പിക്കാം. ഏതൊരു ആശയത്തെയും അതിന്റെ വസ്തുതയെ സംബന്ധിച്ചല്ലാത്ത വീക്ഷണങ്ങൾക്ക് വിധേയമാക്കാതെ, വൈകാരികമായി സമീപിക്കുമ്പോഴാണ് സത്യങ്ങൾക്കപ്പുറത്തേക്ക് ആശയങ്ങൾ സഞ്ചരിക്കുന്നത്. ഈ സാഹചര്യത്തിൽ സത്യം നുണയായി മാറുകയോ (മാറ്റപ്പെടുകയോ), ഒന്നിലധികം സത്യങ്ങൾ ഉണ്ടാവു(ക്കു)കയോ ചെയ്യുന്നു. ഇവയിൽ വിശ്വസിക്കേണ്ടതും അല്ലാത്തതും കണ്ടെത്താൻ പ്രയാസമായതിനാൽ, വൈയക്തികവൈകാരിക കാഴ്ചപ്പാടുകളുടെ പിൻബലത്തോടെ മാത്രം യാഥാർത്ഥ്യവും മിഥ്യയും തിരിച്ചറിയുന്നു. അങ്ങനെ

സത്യം നുണയായും നുണ സത്യമായും പരിണമിക്കുന്നു. അഥവാ, ഒരു സമാന്തര സത്യം (Alternative fact) രൂപപ്പെടുന്നു.

വ്യാജ വാർത്തകളെയും ഉള്ളടക്കങ്ങളെയും പൊതുജനങ്ങൾ സ്വീകരിക്കുന്നതിനെ കോഗ്നറ്റീവ് ബയസിന്റെ (Cognitive Bias) ഭാഗമായുള്ള കൺഫർമേഷൻ ബയസുമായി (Confirmation bias) ബന്ധപ്പെടുത്താവുന്നതാണ്. ഒരു വ്യക്തി തന്നിൽ ഉറച്ചുപോയ വിശ്വാസങ്ങളുടെ പിന്തുണയോടെയും അതിനനുസൃതമായ രീതിയിലും മാത്രമേ ഏതൊരു വിഷയത്തെയും സംഭവത്തെയും സമീപിക്കുകയുള്ളൂ. അതിനാൽത്തന്നെ ആ വ്യക്തി താൻ സമീപിക്കുന്ന എന്തിലും തന്റേതായ പക്ഷപാതിത്വം പ്രകടമാക്കുകയും അതിന്റെ യാഥാർത്ഥ്യം പരിശോധിക്കാൻ മടിക്കുകയും ചെയ്യും.

വിവേകപരതയും വിവേചനബുദ്ധിയും പരാജയപ്പെടുന്നിടത്താണ് വൈകാരികതലത്തിലൂന്നിക്കൊണ്ട് കാര്യങ്ങളെ സമീപിക്കുന്നത്. ഇവിടെ ചിന്തകൾ നഷ്ടപ്പെടു(ത്തു)കയോ സക്രിയമല്ലാത്ത ചിന്താശേഷി കൈവരികയോ ചെയ്യുന്നു. ദ്രുതഗതിയിൽ ബഹുദൂരം സഞ്ചരിക്കുന്ന വർത്തമാന മാധ്യമലോകത്ത് കിടമത്സരങ്ങളുടെ ആധിപത്യം കാണാം. ഇതോടെ തങ്ങളുടെ മാധ്യമസ്ഥാപനത്തിന്റെ പേരിന് കോട്ടം തട്ടിയാലും ഇല്ലെങ്കിലും ഏതുതരം വാർത്തയും പൊടിപ്പും തൊങ്ങലുംവെച്ച് അവതരിപ്പിക്കാൻ മാധ്യമപ്രവർത്തകർ നിർബന്ധിതരാവുന്നു. വാർത്തയിലും അവതരണത്തിലും അതിഭാവുകത്വത്തിന്റെ പിൻബലം കാണാം. ഇത് മാധ്യമപ്രവർത്തനത്തിന്റെ മൂല്യച്യുതിക്കും കൃതിമത്വത്തിനും വഴിയൊരുക്കി. അങ്ങനെ മാധ്യമപ്രവർത്തനം മാധ്യമവ്യവസായമായിത്തീർന്നു. വാർത്താ ശേഖരണം, സംഭരണം, വിതരണം, വിശകലനം എന്നീ ഘട്ടങ്ങളിലെല്ലാം വ്യാജ ഉള്ളടക്കങ്ങൾ കൂട്ടിച്ചേർക്കുന്നുണ്ട്. സിനിമ, പുസ്തകം, വ്യക്തി, സംഘടന എന്നിവയുടെ പബ്ലിസിറ്റിയുടെ ഭാഗമായുണ്ടാവുന്ന നെഗറ്റീവ് പബ്ലിസിറ്റി എന്ന അജണ്ടയും അതുമായി ബന്ധപ്പെട്ട പ്രൊപഗാൻഡയും വ്യാജ ഉള്ളടക്ക നിർമിതിയ്ക്ക് കാരണമാവാറുണ്ട്. മിക്കപ്പോഴും ഇവ മാധ്യമങ്ങളുടെ ധാർമികതയുടെയും നൈതികതയുടെയും ലംഘനത്തിന് ഇടയാക്കാറുണ്ടെങ്കിലും, സത്യാനന്തരകാലത്ത് ധാർമികത, നൈതികത എന്നീ ആശയങ്ങൾക്ക് കാലാനുസൃതമായ നിർവചനങ്ങളും സ്വഭാവവ്യതിയാനവും ഉണ്ടായതിനാൽ ഇവയുടെ ലംഘനം അപ്രസക്തമാവുന്നു.

## വസ്തുതാപരിശോധന (Fact checking)

അത്യന്തം അപകടകരമായ തരത്തിലാണ് വ്യാജ ഉള്ളടക്കങ്ങൾ സമൂഹത്തെ കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ആൾക്കൂട്ടകൊലപാതകത്തിലേക്കും ആത്മഹത്യകളിലേക്കും നയിക്കുന്ന വ്യാജ ഉള്ളടക്കങ്ങളെ നിയന്ത്രിക്കുന്നതിനും തെറ്റായ വിവരമാണെന്ന് ബോധ്യപ്പെട്ടാൽ അത് പൊതുജനത്തെ അറിയിക്കാനും മാധ്യമങ്ങൾ ശ്രമിക്കുന്നുണ്ട്. വ്യാജ ഉള്ളടക്കങ്ങളുടെ അതിപ്രസരം മാധ്യമങ്ങളുടെ വിശ്വാസ്യതയ്ക്കും നിലനിൽപ്പിനും വിഘാതം സൃഷ്ടിക്കുന്ന സാഹചര്യമുണ്ട്. അതിനാൽത്തന്നെ, വ്യാജ ഉള്ളടക്കങ്ങളുടെ വസ്തുതാപരിശോധനയ്ക്ക് ശേഷം മാത്രം ഇവ പ്രസിദ്ധപ്പെടുത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. സൂക്ഷ്മ നിരീക്ഷണം, ഗൂഗിൾ ലെൻസ്, താക്കോൽ വാക്കുകൾ ഉപയോഗിച്ചുള്ള തിരയൽ (Key word search), റിവേഴ്സ് ഇമേജ് സെർച്ച്, യാൻഡെക്സ് (Yandex) സെർച്ച് എഞ്ചിൻ, ഇൻവിഡ് (Invid) സോഫ്റ്റ്വെയർ, ജിയോ ടാഗിങ്ങ് (Geo tagging) തുടങ്ങിയ അടിസ്ഥാന സാങ്കേതികവിദ്യകളുടെ സഹായത്തോടെ ഏതൊരു വാർത്തയുടെയും ഉള്ളടക്കത്തിന്റെയും നിജസ്ഥിതി മനസ്സിലാക്കാൻ സാധിക്കും.

മൂന്നാം വ്യവസായവിപ്ലവത്തിന്റെ അനന്തരഫലമായാണ് ഡിജിറ്റൽ മീഡിയ രൂപപ്പെടുന്നത്. ഇടപെടലുകൾക്കുള്ള അവസരം തുറന്നിട്ടു എന്നതാണ് ഇത്തരം മാധ്യമങ്ങളുടെ പ്രാധാന്യം നിർണയിക്കുന്നത്. രൂപഭാവത്തിന്റെയും സ്വഭാവത്തിന്റെയും പുതുമയും വ്യത്യസ്തതയും ഉപയോഗശേഷിയും ഇവയെ ജനകീയമാക്കി. എക്കാലത്തും പുതുമയെ സ്വീകരിക്കാനുള്ള മനുഷ്യന്റെ ആശങ്കകളും മടിയും സാമൂഹ്യമാധ്യമങ്ങളുടെ കാര്യത്തിലും ഉണ്ടായിരുന്നെങ്കിലും അതെല്ലാം വളരെപ്പെട്ടെന്ന് അകലുകയും ഇവയുമായി പൊരുത്തപ്പെടാനും തുടങ്ങി. അരിച്ചെടുക്കൽ (Filtering) പ്രക്രിയ ഇല്ലാത്ത സാമൂഹ്യമാധ്യമലോകത്ത് ഉള്ളതും ഇല്ലാത്തതുമായ ഉള്ളടക്കങ്ങൾ പെരുകി. അത്ഭുതപ്പെടുത്തുന്നതും അധീശത്വവും പക്ഷപാതിത്വവുംകൊണ്ട് നിറഞ്ഞതുമായ ഉള്ളടക്കങ്ങൾക്ക് സാമൂഹ്യമാധ്യമങ്ങളിൽ വലിയ സ്വീകാര്യത ലഭിക്കുന്നുണ്ട്. സാമൂഹ്യമാധ്യമങ്ങൾ ശരിയോ തെറ്റോ ആയ വിവരങ്ങളുടെ ചവറ്റുകുട്ടയായി മാറി. യാതൊരുവിധത്തിലുള്ള ഇൻഫർമേഷൻ ഹൈജീനും[6] ഇല്ലാത്തതിനാൽത്തന്നെ ഇൻഫോഡെമിക്[7] ആയ ഇടമായി പരിണമിച്ചു.

മനുഷ്യമനസ്സിന്റെ ഇഷ്ടാനിഷ്ടങ്ങളെപ്പറ്റിയുള്ള അൽഗോരിതങ്ങൾ നിർമ്മിച്ച് മനുഷ്യന്റെ തെരെഞ്ഞെടുപ്പുകളെ മാറ്റിമറിക്കാൻ പുതിയ മാധ്യമങ്ങൾക്ക് സാധിക്കുമെന്ന കാര്യം തീർപ്പായി കഴിഞ്ഞിരിക്കുന്നു. മാധ്യമക്കുത്തകകൾ ആ അവകാശവാദത്തെ ഏറ്റെടുക്കയും ചെയ്തിരിക്കുന്നു[8]. ചിന്തയും ചിന്താശേഷിയും ഏതാനും അക്കങ്ങൾക്ക് പണയപ്പെടുത്തുകയും അത് വികലമായ പൊതുബോധ നിർമിതിയ്ക്ക് കാരണമാവുകയും ചെയ്യുന്നിടത്ത് വ്യാജ വാർത്തകൾക്കും ഉള്ളടക്കങ്ങൾക്കും തടയിടേണ്ടത് വർത്തമാനസമൂഹത്തിന്റെ അനിവാര്യതയാണ്.

## കുറിപ്പുകളും ആധാരസൂചിയും


1. നാഷണൽ ക്രൈം റെക്കോഡ്സ് ബ്യൂറോ 2022 ൽ പ്രസിദ്ധീകരിച്ച ക്രൈം ഇൻ ഇന്ത്യ റിപ്പോർട്ട് പ്രകാരം 2019 ൽ 486 വ്യാജ വാർത്തകളും, 2020 ൽ 1527 വ്യാജവാർത്തകളും, 2021 ൽ 882 വ്യാജവാർത്തകളും നിർമിക്കുകയും വിതരണം ചെയ്യപ്പെടുകയും ഉണ്ടായിട്ടുണ്ട്. (https://ncrb.gov.in/sites/default/files/CII-2021/CII_2021Volume%201.pdf- CRIME IN INDIA 2021, STATISTICS, VOLUME 1, MINISTRY OF HOME AFFAIRS, NEW DELHI, 2022).
2. ഓഡിറ്റ് ബ്യൂറോ ഓഫ് സർക്കുലേഷന്റെ 2022 ജനുവരി മുതൽ ജൂൺ വരെയുള്ള കണക്കുപ്രകാരം മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി പത്രങ്ങൾ പ്രചാരണ റാങ്കിങ്ങിൽ ആദ്യ പതിനഞ്ചിൽ ഉൾപ്പെടുന്നു. (http://www.auditbureau.org/files/JJ%202022%20Highest%20Circulated%20(across%20languages).pdf).
3. Wardle, Claire., Derakhshan Hossein. (2017). iNFORMATION DISORDER: Toward and interdisciplinary framework for research and policy making. Council of Europe Report DGI (2017) 09. tSrasbourg Cedex: Council of Europe.
4. എരുമേലി, രാജേഷ്, കെ. *സത്യാനന്തരകാലത്തെ മാധ്യമനിർമ്മിതികൾ.* തിരുവനന്തപുരം: മൈത്രി ബുക്സ്, 2021.
5. https://www.thenation.com/article/archive/postt-ruth-and-its-consequences-what-a-25-year-old-essay-tells-us-about-the-current-moment/
6. Gelbestein, Eduardo, Dr. (2015). Good Digital Hygiene: A guide to staying secure in cyberspace. http://feagraduate.org/FEA library/BooksPDFs/Good%20Digital%20Hygiene%20Ed%20Gelbstein%20(Self%20Help).pdf

7. ഇൻഫർമേഷൻ, എപ്പിഡെമിക് എന്നീ വാക്കുകളിൽനിന്നാണ് ഇൻഫോഡെമിക് എന്ന പദം രൂപപ്പെട്ടിട്ടുള്ളത്. വിവരവ്യാധി എന്ന പരിഭാഷയിലാണ് ഈ പദം മലയാളത്തിൽ ഉപയോഗിക്കുന്നത്. യഥാർത്ഥവും അല്ലാത്തതുമായ വിവരങ്ങളുടെ ഒഴുക്കിനെയാണ് ഈ വാക്ക് സൂചിപ്പിക്കുന്നത്. 2003 മെയ് 11 ന് വാഷിങ്ടൺ പോസ്റ്റ് ദിനപ്പത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു കോളത്തിലാണ് ഡേവിഡ് റോത്ത്കോപ്ഫ് ഈ വാക്ക് ആദ്യമായി ഉപയോഗിക്കുന്നത്.

8. https://vellezhuthth.blogspot.com/2019/08/blog-post_15.html?m=1